# തെങ്ങുകൃഷിക്കാരന് ദുരിതങ്ങൾ ഏറുന്നു

തെങ്ങുകൃഷിക്കാരുടെ ശനിദശ തീരാറായില്ലെന്നു തോന്നുന്നു. ഒന്നല്ലെങ്കിൽ മറ്റൊരുകാരണംകൊണ്ട് നിരന്തരം സാമ്പത്തികക്ലേശം അനുഭവിക്കേണ്ട അവസ്ഥയിലാണ് തെങ്ങുകൃഷിക്കാരൻ. മണ്ഡരീബാധയെത്തുടർന്ന് തെങ്ങുകളുടെ ഉല്പാദനത്തിലുണ്ടായ കുറവിനുപുറമേ മറ്റു പ്രശ്നങ്ങളും തെങ്ങുകൃഷിക്കാരനെ അസ്വസ്ഥനാക്കുന്നു.



മണ്ഡരിബാധ ഉണ്ടായതിനെതുടർന്ന് മിക്കവാറും കർഷകർക്ക് ശരാശരി അഞ്ചു ശതമാനം തെങ്ങുകളിൽനിന്നുള്ള ഉല്പാദനം പൂർണമായും ഇല്ലാതായിട്ടുണ്ട്.

അതിനുപുറമെ ഇപ്പോഴിതാ, മണ്ഡരിബാധ യഥാർത്ഥത്തിൽ പ്രകടമാവാത്ത തെങ്ങുകളിലും നാളികേര ഉല്പാദത്തിൽ കുറവും ഉണ്ടാകുന്ന നാളികേരത്തിന് തൂക്കകുറവും അനുഭവപ്പെടുന്നു. കഴിഞ്ഞവർഷം ഇതേ കാലഘട്ടത്തെ തോതുവെച്ചു നോക്കിയാൽ ഇടുന്ന നാളികേരത്തിന്റെ എണ്ണത്തിൽ പത്തു-പതിനഞ്ച് ശതമാനം കുറവു വന്നതായി കർഷകർ സാക്ഷ്യപ്പെടുത്തുന്നു. ഇടുന്ന തേങ്ങയുടെ തൂക്കത്തിലും പതിനഞ്ചു ശതമാനത്തിനടുത്ത് കുറവുണ്ടത്രേ. എണ്ണത്തിലും തൂക്കത്തിലും വന്ന ഈ കുറവുമൂലം കഴിഞ്ഞതവണ 100 കിലോ കൊപ്രയുള്ള തേങ്ങ ലഭിച്ചിരുന്ന അത്രസ്ഥലത്തുനിന്നും ഇത്തവണ 75–80 കിലോ കൊപ്രയുള്ള തേങ്ങയേ കിട്ടുന്നുള്ളൂ. ഈ നഷ്ടക്കണക്കുമായിരിക്കുമ്പോഴാണ് പുതിയൊരു ദുരന്തം കൂടി വന്നിരിക്കുന്നത്.

കൊപ്ര ആട്ടുമ്പോൾ പണ്ടു കിട്ടിയിരുന്നത്ര വെളിച്ചെണ്ണ ഇപ്പോൾ കിട്ടുന്നില്ലെന്നും അതുകൊണ്ട് കൊപ്രയുടെ വിലയിൽ കുറവുവരുത്തണമെന്നും വെളിച്ചെണ്ണ കമ്പനികൾ തീരുമാനിച്ചതാണ് തെങ്ങുകൃഷിക്കാരന് കൂനിന്മേൽ കുരുവായിരിക്കുന്നത്. കൊപ്രയിൽനിന്നും കിട്ടുന്ന വെളിച്ചെണ്ണയുടെ അളവിൽ അഞ്ചു ശതമാനത്തോളം കുറവുണ്ടെന്നു പറഞ്ഞ് അത്രയും വിലകുറച്ചാണ് ഇപ്പോൾ കൊപ്രയ്ക്കു നൽകുന്നത്.

നാളികേര വിലയിലുണ്ടായ ഈ തകർച്ചമൂലം കുംഭം - മീനം മാസങ്ങളിലായി തെങ്ങിൻതോപ്പുകളിൽ നടത്താറുള്ള നനയും മണ്ണിളക്കലും ഉൾപ്പെടെയുള്ള പരിചരണമുറകളെല്ലാം വേണ്ടെന്നുവയ്ക്കാൻ നിർബന്ധിതരായിക്കുയാണ പല കേരകർഷകരും.

**-ഹരി തിരുനാവായ-**